ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 15.07.2026** **TIME : 06.30 PM**

## പ്രധാന വാർത്തകൾ

1) ഇന്ത്യ- യുകെ സമഗ്ര സാമ്പത്തിക വ്യാപാര കരാർ കർഷകർക്കും സംരംഭകർക്കും ഏറെ പ്രയോജനം ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
2) സെമികണ്ടക്ടർ നിർമാണം ശക്തിപ്പെടുത്തുന്നതിനായി സെമികോൺ 2.0 പദ്ധതിക്ക് അംഗീകാരം നൽകി കേന്ദ്രമന്ത്രിസഭ.
3) ഓപ്പറേഷൻ തൂഫാന് തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ് പൂർണ പിന്തുണ പ്രഖ്യാപിച്ചതായി ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. ദൗത്യവുമായി സഹകരിക്കുന്നതിന് തമിഴ്നാട് മുഖ്യമന്ത്രി വൈകാതെ കേരളത്തിൽ എത്തും.
4) സംസ്ഥാനത്ത് ഇന്നും വൈദ്യുതി നിയന്ത്രണത്തിന് സാധ്യതയെന്ന് കെഎസ്ഇബി
5) നെന്മാറ ഇരട്ടക്കൊലക്കേസിൽ പ്രതി ചെന്താമരയുടെ ശിക്ഷാവിധി നാളെ.
6) ഫിഫ ലോകകപ്പ് ഫുട്ബോൾ രണ്ടാം സെമിയിൽ ഇന്ന് രാത്രി 12.30 ന് അർജന്റീന -ഇംഗ്ലണ്ടിനെ നേരിടും.

പ്രധാനമന്ത്രി

ഇന്ത്യ - യു കെ സമഗ്ര സാമ്പത്തിക -

വ്യാപാര കരാർ കർഷകർക്കും സംരംഭകർക്കും ഏറെ പ്രയോജനം ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക വ്യാപാര കരാറും, സാമൂഹിക സുരക്ഷ കരാറും ഇന്ന് മുതലാണ് പ്രാബല്യത്തിൽ വന്നത്. ഇന്ത്യ-യുകെ സഹകരണത്തിലെ സുപ്രധാന നിമിഷമാണിതെന്ന് പ്രധാനമന്ത്രി പറഞ്ഞു. യുകെയിൽ താൽക്കാലിക ജോലികൾ ചെയ്യുന്ന ഇന്ത്യൻ പ്രൊഫഷണലുകൾക്ക് സാമൂഹിക സുരക്ഷാ കരാർ പിന്തുണ നൽകും. ഇന്ത്യൻ സംരംഭങ്ങളുടെ മത്സരശേഷി ഇതിലൂടെ വർദ്ധിക്കുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. 99 ശതമാനം ഇന്ത്യൻ കയറ്റുമതിക്കും യുകെ വിപണിയിൽ സമഗ്ര സാമ്പത്തിക വ്യാപാര കരാറിലൂടെ നികുതി ഇളവ് ലഭിക്കും. യുകെയിൽ താത്കാലിക ജോലി ചെയ്യുന്ന ഇന്ത്യൻ തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷയുമായി ബന്ധപ്പെട്ട ഇരട്ട സംഭാവനകളിൽ 5 വർഷം വരെ ഇളവ് സാമൂഹിക സുരക്ഷ കരാർ പ്രകാരം ലഭിക്കും.

ഇന്ത്യ-യുകെ (ഇൻട്രോ)

ഇന്ത്യ- യുകെ സമഗ്ര വ്യാപാര സാമ്പത്തിക കരാർ കേരളത്തിലെ വ്യവസായങ്ങൾക്കും ഏറെ ഗുണകരമാവുന്നു. അമേരിക്കയിലേക്കുള്ള കയറ്റുമതി രംഗത്ത് പ്രതിസന്ധി നേരിടുമ്പോൾ യുകെ വിപണിയിൽ

അവസരങ്ങൾ തുറന്നു കിട്ടുന്നത് കേരളത്തിലെ സമുദ്രോൽപ്പന്ന കയറ്റുമതിക്കാർക്ക് ഏറെ പ്രയോജനകരമാണെന്ന് ഫിക്കി കേരള ചെയർ സേവിയോ മാത്യു ആകാശവാണിയോട് പറഞ്ഞു.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

**കേന്ദ്രമന്ത്രിസഭ**

രാജ്യത്തെ സെമികണ്ടക്ടർ നിർമാണം ശക്തിപ്പെടുത്തുന്നതിനായി സെമികോൺ 2.0 പദ്ധതിക്ക് അംഗീകാരം നൽകി കേന്ദ്രമന്ത്രിസഭ യോഗം. 1 ലക്ഷത്തി 27,500 കോടി രൂപയാണ് പദ്ധതി ചെലവ്. ആഗോള സെമികണ്ടക്ടർ ഭൂപടത്തിൽ ഇന്ത്യയുടെ സ്ഥാനം ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രിസഭയോഗത്തിന് ശേഷം കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് മാധ്യമങ്ങളോട് പറഞ്ഞു. 62,500 കോടി രൂപ ചെലവിൽ, മൊബൈൽ ഫോൺ നിർമാണ പദ്ധതിക്കും മന്ത്രിസഭ അംഗീകാരം നൽകി. അടുത്ത അഞ്ച് വർഷം കൊണ്ട് മൊബൈൽ ഫോൺ നിർമാണം 39 ലക്ഷം കോടിയിലേക്ക് ഉയർത്താനും, 60,000 തൊഴിലവസരങ്ങൾ പുതിയതായി സൃഷ്ടിക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

മന്ത്രിസഭ

കേരള ഹൈസ്പീഡ് റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ സമർപ്പിച്ച ഇടക്കാല റിപ്പോർട്ട് വിദഗ്ധസമിതി പരിശോധിച്ചതായി മുഖ്യമന്ത്രി വി.ഡി സതീശൻ. ഭൂമിയുടെ ലഭ്യത, യാത്രക്കാരുടെ സാധ്യത, സാമ്പത്തിക സാധുത എന്നിവ സംബന്ധിച്ച സമഗ്ര വിവരങ്ങൾ ഇല്ലാത്തതിനാൽ, ഇത് പൂർണമായ റിപ്പോർട്ടല്ലെന്നാണ് സമിതിയുടെ വിലയിരുത്തൽ. പാരിസ്ഥിതിക-സാമൂഹിക ആഘാത പഠനങ്ങൾ നടത്താതെ പദ്ധതിയുമായി മുന്നോട്ട് പോകാനാകില്ലെന്ന് റിപ്പോർട്ടിൽ പറയുന്നതായും മുഖ്യമന്ത്രി അറിയിച്ചു. സെക്രട്ടേറിയേറ്റിലെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നതിനും ഫയൽ തീർപ്പാക്കൽ വേഗത്തിലാക്കുന്നതിനുമായി ഡാറ്റ അധിഷ്ഠിത ഗവേണിംഗ് സംവിധാനം നടപ്പാക്കാൻ സംസ്ഥാന മന്ത്രിസഭ യോഗം തീരുമാനിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

ചെന്നിത്തല (ഇൻട്രോ)

ഓപ്പറേഷൻ തൂഫാന് തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ് പൂർണ പിന്തുണ പ്രഖ്യാപിച്ചതായി ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. ഓപ്പറേഷൻ തൂഫാന് പിന്തുണ തേടി തമിഴ്നാട് മുഖ്യമന്ത്രിയുമായി ചെന്നൈയിൽ

കൂടിക്കാഴ്ച നടത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. 'ഓപ്പറേഷൻ തൂഫാൻ' ദൗത്യവുമായി സഹകരിക്കാൻ മുഖ്യമന്ത്രി വിജയ് ഉടൻ തന്നെ കേരളത്തിൽ എത്തുമെന്നും ശ്രീ രമേശ് ചെന്നിത്തല അറിയിച്ചു.
(ഹോൾഡ് വോയ്സ്..........)

## പ്രതിപക്ഷ നേതാവ്

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലെ ഓഹരി കൈമാറ്റവുമായി ബന്ധപ്പെട്ട ആശങ്കകൾക്ക് മറുപടി നൽകുന്നതിന് പകരം, അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കാനാണ് മുഖ്യമന്ത്രി ശ്രമിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. കരാർ പ്രകാരം പദ്ധതിയുടെ നടത്തിപ്പും പരിപാലനവും മാത്രമാണ് അദാനി ഗ്രൂപ്പിനുള്ളതെന്നും, തുറമുഖം പൂർണ്ണമായും കേരള സർക്കാരിൻറെ ഉടമസ്ഥതയിലാണെന്ന വസ്തുത വിസ്മരിക്കരുതെന്നും മുഖ്യമന്ത്രിക്കെഴുതിയ കത്തിൽ അദ്ദേഹം പറഞ്ഞു. തുറമുഖം കോർപ്പറേറ്റുകൾക്ക് വിട്ടുകൊടുക്കാതെ സർക്കാർ സംരക്ഷിക്കുമെന്ന നിലപാട് പ്രഖ്യാപിക്കാൻ മുഖ്യമന്ത്രി തയ്യാറാകണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

## വൈദ്യുത നിയന്ത്രണം

സംസ്ഥാനത്ത് ഇന്നും വൈദ്യുതി നിയന്ത്രണത്തിന് സാധ്യതയെന്ന് കെഎസ്ഇബി. പവർ എക്സ്ചേഞ്ച് വഴി ആവശ്യമായ അളവിൽ വൈദ്യുതി ലഭ്യമാകാത്ത സാഹചര്യം ഉണ്ടായാൽ, വൈകുന്നേരത്തെ പീക്ക് സമയങ്ങളിലായിരിക്കും ഭാഗിക വൈദ്യുത നിയന്ത്രണം ആവശ്യമായി വരിക.

❁❁❁❁❁❁❁❁❁❁❁❁❁

**ഹൈക്കോടതി -വഖഫ് ബോർഡ്**

സംസ്ഥാന വഖഫ് ബോർഡിനെ സുപ്രധാന തീരുമാനങ്ങളെടുക്കുന്നതിൽ
നിന്ന് താൽക്കാലികമായി വിലക്കി ഹൈക്കോടതി. വഖഫ് ബോർഡിൽ രണ്ട് അമുസ്ലിം അംഗങ്ങളെ ഉൾപ്പെടുത്താത്തതിന് എതിരെ ബിജെപി നേതാവ് ഷോൺ ജോർജ് ഉൾപ്പെടെ നൽകിയ ഹർജികൾ പരിഗണിക്കുകയായിരുന്നു കോടതി. അടുത്ത ബുധനാഴ്ച സർക്കാറിൻറെയും വഖഫ് ബോർഡിൻറെയും വാദം കോടതി കേൾക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**ചെന്താമര**

പാലക്കാട്, നെന്മാറ ഇരട്ടക്കൊലക്കേസിൽ പ്രതി ചെന്താമരയുടെ ശിക്ഷാവിധി നാളത്തേക്ക് മാറ്റി പാലക്കാട് അഡീഷണൽ സെഷൻസ് കോടതി. പ്രോസിക്യൂഷൻറെയും

പ്രതിഭാഗത്തിൻറെയും വാദം ഇന്ന് പൂർത്തിയായി. ചെന്താമര കുറ്റക്കാരനെന്ന് കഴിഞ്ഞ ദിവസം കോടതി കണ്ടെത്തിയിരുന്നു.

❋❋❋❋❋❋❋❋❋❋❋❋❋

**ശബരിമല**

കർക്കടക മാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട നാളെ വൈകിട്ട് തുറക്കും. കർക്കടകം ഒന്നായ മറ്റന്നാൾ മുതൽ ഈ മാസം 21 വരെയാണ് മാസപൂജ നടക്കുക. രാമായണ മാസത്തിൽ വലിയ തിരക്ക് പ്രതീക്ഷിക്കുന്നതിനാൽ വിപുലമായ ഒരുക്കങ്ങളാണ് ഇത്തവണ നടത്തിയിരിക്കുന്നത്.

❋❋❋❋❋❋❋❋❋❋❋❋❋

**ഫിഫ (ഇൻട്രോ)**

ഫിഫ ലോകകപ്പ് ഫുട്ബോൾ രണ്ടാം സെമിയിൽ ഇന്ന് രാത്രി 12.30 ന് നിലവിലെ ചാമ്പ്യന്മാരായ അർജന്റീന - ഇംഗ്ലണ്ടിനെ നേരിടും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു----**

**(ഹോൾഡ്)**

❋❋❋❋❋❋❋❋❋❋❋❋❋

**വിയറ്റ്നാം- സംസ്കാരം**

വിയറ്റ്നാമിലെ ബോട്ടപകടത്തിൽ മരിച്ച കൊട്ടാരക്കര സ്വദേശികളായ എ സി തോമസ് - ലൗനി ദമ്പതികളുടെ സംസ്കാരം കൊട്ടാരക്കര മാർത്തോമ്മ വലിയപള്ളിയിൽ നടന്നു. ജൂബിലി മന്ദിരത്തിലെ പൊതുദർശനത്തിന് ശേഷമായിരുന്നു സംസ്കാരം. രാഷ്ട്രീയ - സാമൂഹ്യരംഗത്തെ പ്രമുഖർ ഉൾപ്പെടെ നിരവധി പേർ അന്ത്യോപചാരം അർപ്പിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

## തൊഴിലാളി മരിച്ചു

കോഴിക്കോട് കക്കോടിയിൽ രണ്ടാൾ താഴ്ചയുള്ള ഭൂഗർഭ ടാങ്ക് വൃത്തിയാക്കുന്നതിനിടെ ശ്വാസതടസ്സമുണ്ടായി ഒരു തൊഴിലാളി മരിച്ചു. പാലത്ത് സ്വദേശി സിറാജ് ആണ് മരിച്ചത്. ഒരാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഫയർ ഫോഴ്സ് എത്തിയാണ് ഇരുവരേയും പുറത്ത് എത്തിച്ചത്.

❋❋❋❋❋❋❋❋❋❋❋❋❋

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തി'ന്റെ 136-ാം പതിപ്പ് ഈ മാസം 26-ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും NaMo App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

## റേഷൻ കാർഡ് -അപേക്ഷ

പൊതു വിഭാഗം റേഷൻകാർഡുകൾ, മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റാൻ ഓൺലൈൻ അപേക്ഷ മറ്റന്നാൾ വരെ സ്വീകരിക്കും . അക്ഷയകേന്ദ്രം , സിവിൽ സപ്ലൈസ് വകുപ്പ് വെബ്സൈറ്റിലെ സിറ്റിസൺ ലോഗിൻ എന്നിവ മുഖേനയാണ് അപേക്ഷിക്കേണ്ടത്.

## കനിപ്പന്തൽ

കുട്ടികളിൽ പോഷകസുരക്ഷ ഉറപ്പാക്കുന്നതിനും വിദ്യാലയങ്ങളിൽ ഫലവൃക്ഷ സംസ്കാരം വളർത്തുന്നതിനുമായി നടപ്പാക്കുന്ന 'കനിപ്പന്തൽ - ഇനി വിദ്യാലയങ്ങളിലും' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ടി സിദ്ദിഖ് മറ്റന്നാൾ കൽപ്പറ്റയിൽ നിർവഹിക്കും. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 2,921 തെരഞ്ഞെടുത്ത വിദ്യാലയങ്ങളിലായി പഴവർഗ്ഗ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കും.

## കേരള എൻ.സി.സി.ക്ക് രണ്ടാം സ്ഥാനം,

ദേശീയതലത്തിൽ നടന്ന ഓൾ ഇന്ത്യ നൗ സൈനിക് ക്യാമ്പിൽ റണ്ണേഴ്സ് അപ്പ് സ്ഥാനം നേടിയ കേരള-ലക്ഷദ്വീപ് എൻ.സി.സി. ഡയറക്ടറേറ്റ് ടീമിനെ കൊച്ചി

സതേൺ നേവൽ കമാൻഡിൽ നടന്ന ചടങ്ങിൽ അനുമോദിച്ചു . മഹാരാഷ്ട്രയിലെ ലോണാവലയിൽ 17 എൻ.സി.സി. ഡയറക്ടറേറ്റുകൾ തമ്മിൽ നടന്ന മത്സരങ്ങളിലാണ് കേരള-ലക്ഷദ്വീപ് ഡയറക്ടറേറ്റ് റണ്ണേഴ്സ്-അപ്പ് സ്ഥാനം കരസ്ഥമാക്കിയത്. മൂന്ന് സ്വർണവും ഒമ്പത് വെള്ളിയും ഒമ്പത് വെങ്കലവും ഉൾപ്പെടെ 21 മെഡലുകൾ കരസ്ഥമാക്കിക്കൊണ്ടാണ് ഈ നേട്ടം.